**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2153** **14-10-2024 - ൽ മറുപടിയ്ക്ക്**

**മരുന്നുവില വർധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ആശുപത്രികളിൽ ആവശ്യത്തിനു മരുന്നില്ലാത്തതും കാരുണ്യ ഫാർമസികൾ ആവശ്യാനുസരണം സ്ഥാപിച്ച് വില നിയന്ത്രണം സാദ്ധ്യമാക്കാത്തതുമാണ് പൊതുമാർക്കറ്റിൽ മരുന്നുവില വളരെ ഉയരാൻ കാരണമെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (എ) | സർക്കാർ ആശുപത്രികളിൽ ആവശ്യത്തിനു മരുന്നില്ലാത്തതും കാരുണ്യ ഫാർമസികൾ ആവശ്യാനുസരണം സ്ഥാപിച്ച് വില നിയന്ത്രണം സാദ്ധ്യമാക്കാത്തതുമാണ് പൊതുമാർക്കറ്റിൽ മരുന്നുവില വളരെ ഉയരാൻ കാരണമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഫാർമസി സ്ഥാപിക്കുന്നതിനുള്ള സ്ഥലമുണ്ടെങ്കിൽ മറ്റു ചെലവില്ലാതെ കുറഞ്ഞ വിലയ്ക്ക് മരുന്ന് ലഭ്യമാക്കാമെന്നിരിക്കെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെ എല്ലാ സർക്കാർ ആശുപത്രികളിലും സ്ഥലം ലഭ്യമാക്കി കാരുണ്യ ഫാർമസി തുടങ്ങുവാൻ എന്തെങ്കിലും തടസ്സമുണ്ടോ; | (ബി) | സംസ്ഥാനത്തുടനീളം ഗുണമേന്മയോട് കൂടിയ മരുന്നുകൾ ലാഭേച്ഛയില്ലാതെ വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി പ്രവർത്തനം ആരംഭിച്ചത്. കേരളത്തിലുടനീളം നിലവിൽ 75 കാരുണ്യ ഫാർമസികൾ (പമ്പ, സന്നിധാനം ഉൾപ്പെടെ) പ്രവർത്തിക്കുന്നുണ്ട്. മരുന്ന് വിതരണ രംഗത്ത് പ്രധാനപങ്ക് വഹിക്കുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾക്ക് മറ്റ് സ്വകാര്യ ഫാർമസികളുടേയും ഇടനിലക്കാരുടേയും ചൂഷണവും പൊതു വിപണിയിലെ വിലക്കയറ്റവും തടയുന്നതിന് പരമാവധി കഴിഞ്ഞിട്ടുണ്ട്. സർക്കാർ അംഗീകാരത്തിനനുസൃതമായി കൂടുതൽ ആരോഗ്യ കേന്ദ്രങ്ങളിൽ കാരുണ്യ ഫാർമസികൾ സ്ഥാപിക്കാവുന്നതാണ്. |
| (സി) | ക്യാൻസർ പോലുള്ള രോഗങ്ങൾക്കുള്ള മരുന്നുകൾക്ക് പരമാവധി വില്പനവില രേഖപ്പെടുത്തിയത് ഈടാക്കി രോഗികളെ ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ വഴി EDL, SDL ലിസ്റ്റിൽ ഉൾപ്പെടുത്തി സൗജന്യമായി കാൻസർ മരുന്നുകൾ ആശുപത്രികളിൽ ലഭ്യമാക്കി വരുന്നു. സർക്കാർ കാൻസർ മരുന്നുകൾ കുറഞ്ഞ നിരക്കിൽ രോഗികൾക്ക് ലഭ്യമാക്കുന്നതിനായി കോർപറേഷന്റെ കാരുണ്യ ഫർമസി വഴി കാരുണ്യ സ്പർശം സീറോ പ്രോഫിറ്റ് ആന്റി കാൻസർ ഡ്രഗ് കൗണ്ടറുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കാൻസർ ചികിത്സാ ചെലവ് ചുരുക്കുന്നതിൽ രാജ്യത്തിനാകെ മാതൃകയാകുന്ന ഒരു ചുവടുവയ്പ്പാണ് കാരുണ്യ സ്പർശം . കാൻസർ രോഗബാധിതരായവർക്ക് |

| | | | |
|---|---|---|---|
| | | | പൊതുവിപണിയിൽ ലഭിക്കുന്നതിനെ അപേക്ഷിച്ച് പരമാവധി വിലക്കുറവിൽ കാരുണ്യ ഫാർമസികളിൽ നിന്ന് മരുന്നുകൾ ഇതുവഴി ലഭിക്കും. പതിനാല് ജില്ലകളിലും ഓരോ മേജർ ആശുപത്രിയുമായി ബന്ധപ്പെട്ടാണ് ഈ ഔട്ട്ലെറ്റുകൾ സ്ഥാപിച്ചിട്ടുള്ളത്. |
| (ഡി) | സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർ ഉൾപ്പെടെ ചേരുവനാമം (ജെനറിക് നെയിം) ഉപയോഗിക്കാതെ ബ്രാൻഡ് പേരിൽ മരുന്നു കുറിക്കുന്നത് കർശനമായി നിയന്ത്രിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എങ്ങനെ നടപ്പാക്കുമെന്ന് അറിയിക്കാമോ? | (ഡി) | ജെനറിക് മരുന്ന് മാത്രമേ നൽകാവൂ എന്ന സർക്കാർ ഉത്തരവ് നിലവിലുണ്ട്. ആയത് മോണിറ്റർ ചെയ്യുന്നതിന് പ്രിസ്ക്രിപ്ഷൻ ഓഡിറ്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ